(ബി) സർക്കാർ പ്രഖ്യാപിച്ച പുതിയ വൈദ്യുതിനയം നടപ്പിലാക്കി കഴിഞ്ഞു മാത്രമേ ബോർഡ് ഇനി പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുള്ളൂ.

115 (3298) പാലയ്ക്കൽ, ചിറയ്ക്കൽ സബ് സ്റ്റേഷനുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജക മണ്ഡലത്തിൽ പാലയ്ക്കൽ, ചിറയ്ക്കൽ എന്നീവിടങ്ങളിൽ സ്ഥാപിക്കുന്ന 33 കെ.വി. സബ്സ്റ്റേഷനുകളുടെ പ്രവർത്തനം എന്നാണ് ആരംഭിക്കുന്നത്; എന്ന് പണി പൂർത്തിയാകും;

(ബി) ഈ സബ്സ്റ്റേഷനുകൾക്ക് സ്ഥലം ഏറ്റെടുത്തുകഴിഞ്ഞോ; അതിന്റെ വിസ്തീർണ്ണം, സ്ഥലവില എന്നിവ എത്ര;

(സി) ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിന് എത്ര തുകയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സബ്സ്റ്റേഷനുകൾ പൂർത്തിയാകുന്നതോടുകൂടി ഈ പ്രദേശത്ത് ഉണ്ടാകുന്ന നേട്ടങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത സബ്സ്റ്റേഷനുകൾക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തിയായാൽ നിർമ്മാണമാരംഭിക്കും. 2001 മാർച്ച് മാസം പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) സ്ഥലമേറ്റെടുത്തു കഴിഞ്ഞിട്ടില്ല.

	വിസ്തീർണ്ണം	സ്ഥലത്തിന്റെ പരമാവധി വില
പാലയ്ക്കൽ സബ്സ്റ്റേഷൻ	1 ഏക്കർ	15 ലക്ഷം രൂപ
ചിറയ്ക്കൽ സബ്സ്റ്റേഷൻ	80 സെന്റ്	8 ലക്ഷം രൂപ

(സി) പാലയ്ക്കൽ - 208 ലക്ഷം രൂപ
ചിറയ്ക്കൽ - 116 ലക്ഷം രൂപ.

(ഡി) അടുത്ത ഏഴ് വർഷത്തിനുള്ളിൽ ഉണ്ടാവുന്ന വൈദ്യുതി ഉപഭോഗത്തിലെ വർദ്ധന കണക്കിലെടുത്തു കൊണ്ടാണ് പ്രസ്തുത 33 കെ.വി. സബ്സ്റ്റേഷനുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. കൂടാതെ 11 കെ.വി. ലൈനുകളിൽ ഇപ്പോൾ നിലനിൽക്കുന്ന ഊർജ്ജപ്രസരണനഷ്ടം ഒരു വലിയ അളവുവരെ കുറയ്ക്കുന്നതിനും ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണം കൊണ്ട് സാധിക്കും. ഇപ്പോഴുള്ള വൈദ്യുതിക്ഷാമം കുറയുകയും, വോൾട്ടേജ് വർദ്ധിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly